# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5593** **18.11.2019 - ൽ മറുപടിയ്ക്ക്**

**ഹൃദയ ശസ്ത്രക്രിയകൾ നടത്തുന്നതിന് കാലതാമസം**

| | ചോദ്യം<br><br>ശ്രീ.സജി.ചെറിയാൻ : | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി ) |
|---|---|---|---|
| (എ) | ഹൃദയ ശസ്ത്രക്രിയകൾ നടത്തുന്നതിന് സർക്കാർ മെഡിക്കൽ കോളേജിൽ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഏറ്റവും കൂടുതൽ ഹൃദയശസ്ത്രക്രിയ നടക്കുന്നത് കോട്ടയം മെഡിക്കൽ കോളേജിലാണ്. കൂടാതെ കുട്ടികളുടെ അതിസങ്കീർണ്ണമായ ഹൃദയ ശസ്ത്രക്രിയ നടക്കുന്ന ഏക സർക്കാർ മെഡിക്കൽ കോളേജ് കൂടിയാണിത്. ഹൃദയമാറ്റ ശസ്ത്രക്രിയ, വാൽവ് റിപ്പയർ, അന്യൂറിസം എന്നിങ്ങനെ അതിസങ്കീർണ്ണമായ സർജറികൾ നടക്കുന്ന വിഭാഗമെന്ന നിലയിൽ ഇവിടെ ജോലി ചെയ്യുന്ന ഡോക്ടർമാർ ദിവസം 14 മുതൽ 18 മണിക്കൂർ വരെ ജോലി ചെയ്യുന്നുണ്ട്. ദിവസവും 6 മുതൽ 8 വരെ ഹൃദയ ശസ്ത്രക്രിയകൾ രാവിലെ 8 മണി മുതൽ രാത്രി വൈകുന്നതുവരെ നടത്തുന്നുണ്ട്. ദിവസേന ശരാശരി 14 മുതൽ 18 മണിക്കൂർ വീതം ആഴ്ചയിൽ തുടർച്ചയായി 5 ദിവസവും ഈ വിഭാഗത്തിലെ ഡോക്ടർമാർ ശസ്ത്രക്രിയ ചെയ്യുന്നുണ്ടെങ്കിലും രോഗികളുടെ ബാഹുല്യം കാരണം 13.11.2019 വരെയുള്ള കണക്കുകൾ പ്രകാരം ഏകദേശം 530 ഓളം രോഗികൾ ഹൃദയശസ്ത്രക്രിയയ്ക്കായി കാത്തു നിൽക്കുന്നുണ്ട്. |
| (ബി) | ഗുരുതര ഹൃദയരോഗികൾക്ക് കോട്ടയം മെഡിക്കൽ കോളേജിൽ ശസ്ത്രക്രിയക്ക് മാസങ്ങൾ കഴിഞ്ഞുള്ള തീയതി നൽകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | | |
| (സി) | ശസ്ത്രക്രിയകൾ അനന്തമായി നീളുന്നത് സ്വകാര്യ ആശുപത്രികളെ സഹായിക്കാനാണെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | വേഗത്തിൽ ശസ്ത്രക്രിയകൾ നടത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | കോട്ടയം മെഡിക്കൽ കോളേജിലെ കാർഡിയോ തൊറാസിക് സർജറി വിഭാഗത്തിലെ അടിസ്ഥാന സൗകര്യങ്ങളും മാനവശേഷിയും വർദ്ധിപ്പിക്കുന്നതു വഴി ശസ്ത്രക്രിയകളുടെ എണ്ണം കൂട്ടുകയും അതുവഴി ശസ്ത്രക്രിയയ്ക്കായുള്ള രോഗികളുടെ കാത്തിരിപ്പ് കുറയ്ക്കുകയും ചെയ്യുന്നത് പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ആഫീസർ